# ഭാരതീയ റിസർവ് ബാങ്ക്

ജൂൺ 05, 2017

**സാമ്പത്തിക സാക്ഷരതാവാരം (ജൂൺ 5 - 9, 2017)**

സാമ്പത്തികാഭിവൃദ്ധിയിലേക്കുള്ള ആദ്യപടിയാണ് സാമ്പത്തിക സാക്ഷരത. അത്യന്തികമായി സാമ്പത്തിക സുരക്ഷ ഉണ്ടാക്കാനാവുന്ന കൂടുതൽ നല്ല സാമ്പത്തിക തീരുമാനങ്ങളെടുക്കാൻ വേണ്ട അറിവ് നൽകി സാധാരണക്കാരെ ശക്തിപ്പെടുത്തുന്നതാണ് സാമ്പത്തിക സാക്ഷരത.

ഓരോ വർഷവും പ്രധാന വിഷയങ്ങളെ സംബന്ധിച്ച വിപുലമായ അറിവു പകരുന്നതിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ എല്ലാവർഷവും ഒരാഴ്ച രാജ്യമാകമാനം സാമ്പത്തിക സാക്ഷരതാവാരമായി ആചരിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ വാരാചരണത്തിനായി തെരഞ്ഞെടുക്കപ്പെട്ട സന്ദേശം എ) ഇടപാടുകാരെ അറിയുക. ബി) വായ്പാ അച്ചടക്കം ശീലിക്കൽ സി) ഡിജിറ്റലിലേക്കു പോവുക - യു.പി.ഐ, ഡി) *99# (യു.എസ്.എസ്.ഡി.) വഴി ഡിജിറ്റലിലേക്കു പോവുക പരാതിപരിഹാര സംവിധാനത്തെക്കുറിച്ചുള്ള ബോധവൽക്കരണം എന്നിവയാണ്.

സാമ്പത്തിക സാക്ഷരതയെ സംബന്ധിച്ച വസ്തുക്കൾ ബാങ്ക് ശാഖകളിൽ പ്രദർശിപ്പിക്കുക, വിവിധ ജില്ലകളിൽ വൻതോതിൽ പൊതുജനങ്ങൾക്കായി സാക്ഷരതാ ക്ലാസ്സുകൾ സംഘടിപ്പിക്കുക. സാമ്പത്തിക സാക്ഷരതാ കേന്ദ്രങ്ങളിൽ സാക്ഷരതാശ്രമങ്ങൾ വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് ഈ വാരത്തിലെ പ്രവർത്തനങ്ങൾ.

മഹാരാഷ്ട്രാ സംസ്ഥാനത്ത് ഒരാഴ്ച നീണ്ടു നിൽക്കുന്ന പരിപാടികൾക്ക് ആർ. ബി. ഐയുടെ മുംബൈ റീജിയണൽ ഓഫീസിൽ സംഘടിപ്പിച്ച ഹ്രസ്വമായ ചടങ്ങിൽ തുടക്കം കുറിച്ചു. മഹാരാഷ്ട്രയിൽ കൂടുതൽ സാന്നിദ്ധ്യമുള്ള പ്രധാന ബാങ്കുകളുടെ മാത്രമല്ല മററു ബാങ്കുകളിലേയും സീനിയർ എക്സിക്യൂട്ടിവുകൾ മീറ്റിംഗിൽ പങ്കെടുത്തു. ബാങ്കുശാഖകളിൽ പ്രദർശിപ്പിക്കുവാനായി റിസർവ് ബാങ്ക് തയ്യാറാക്കിയ സാമ്പത്തിക സാക്ഷരതാ പ്രചാരണ സാമഗ്രികൾ ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന ബാങ്ക് ഒഫ് ഇൻഡ്യ ചെയർമാൻ ശ്രീ. ജി. പത്മനാഭൻ പ്രകാശനം ചെയ്തു. അദ്ദേഹം ക്ഷണിതാക്കളെ അഭിസംബോധന ചെയ്യുകയും സാമ്പത്തിക സാക്ഷരതാ ഉദ്യമത്തിന്റെ പ്രാധാന്യം പ്രഭാഷണത്തിൽ ഊന്നിപ്പറയുകയും ചെയ്തു

**അജിത് പ്രസാദ്**

പത്രപ്രസ്താവന 2016-2017/3284

അസിസ്ററൻറ് അഡ്വൈസർ